പതിനാലാം കേരളനിയമസഭ

# അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം. 409 — 15/05/2017 -ൽ മറുപടിയ്ക്ക്

## സർക്കാർ സ്കൂളുകളിലെ കുട്ടികളുടെ എണ്ണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഒ. രാജഗോപാൽ | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ സ്കൂളുകളിൽ കുട്ടികളുടെ എണ്ണം ക്രമാതീതമായി കുറയുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | കുട്ടികളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കുട്ടികളുടെ എണ്ണത്തിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; | (ബി) | സർക്കാർ സ്കൂളുകളിൽ കുട്ടികളുടെ എണ്ണത്തിലെ കുറവ് പരിഹരിക്കുന്നതിനായി നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. അതിൽ പ്രധാനമായി സ്കൂളുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക, സ്മാർട്ട് ക്ലാസ്റൂമുകളിൽ സാങ്കേതികവിദ്യയുപയോഗിച്ച് അദ്ധ്യയനം നടത്തുക, ലൈബ്രറി, ലാബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, കായിക സൗകര്യങ്ങളും ഹരിത ക്യാമ്പസും ഒരുക്കുക എന്നിങ്ങനെ നിരവധി കാര്യങ്ങൾ സർക്കാർ തലത്തിൽ നടപ്പിലാക്കി വരുന്നു |
| (സി) | വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി അദ്ധ്യാപകർക്ക് സ്കിൽ ഡെവലപ്പ്മെന്റ് ഉൾപ്പെടെയുള്ള ട്രെയിനിംഗ് നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്നറിയിക്കാമോ? | (സി) | അദ്ധ്യാപകർക്ക് ഏപ്രിൽ മാസം മുതൽ സാങ്കേതികവിദ്യയുപയോഗിച്ച് ട്രെയിനിംഗ് നൽകിവരുന്നു. ഐ.റ്റി. അധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രത്യേക ഐ.റ്റി.അധിഷ്ഠിത പരിശീലനവും, സീമാറ്റ് മുഖാന്തിരം ലീഡർഷിപ്പ് ട്രെയിനിംഗും വകുപ്പ് നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ